(ബി) നെയ്ത്തുമായി ബന്ധപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനും ആധുനികവൽക്കരിക്കുന്നതിനുമുള്ള സഹായങ്ങൾ ലഭ്യമാക്കുന്നതിനുമാണ് ഉദ്ദേശിക്കുന്നത്. കൂടാതെ നെയ്ത്തുകാർക്ക് വിദഗ്ദ്ധപരിശീലനം, വസ്ത്രങ്ങൾ രൂപകൽപ്പന ചെയ്യുന്നതിന് വിദഗ്ദ്ധരുടെ സേവനം എന്നിവയും പ്രോഗ്രാമിന്റെ പ്രധാന ഘടകങ്ങളായിരിക്കും. വസ്ത്രങ്ങൾക്ക് വിദേശ ആഭ്യന്തര വിപണി വികസിപ്പിച്ചെടുക്കുന്നതിനുള്ള സംവിധാനവും പരിപാടിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) ഉണ്ട്. ദീനദയാൽ കൈത്തറി വികസന പദ്ധതിക്കായി 23.33 കോടി രൂപയുടെ 295 പ്രൊജക്ടുകൾക്ക് 7.83 കോടി രൂപയുടെ ധനസഹായത്തിന് അംഗീകാരം നൽകുകയും 3.89 കോടി രൂപ ഇതിനകം അനുവദിക്കുകയുമുണ്ടായി. ഇതുകൂടാതെ 25.72 കോടി രൂപയുടെ രണ്ട് എസ്. ജി. എസ്. വൈ. സ്പെഷ്യൽ പ്രൊജക്ടുകൾക്കായി 10.58 കോടി രൂപയുടെ ധനസഹായം കേന്ദ്ര ഗവൺമെന്റിൽനിന്നും പ്രതീക്ഷിക്കുന്നു. കേന്ദ്ര സർക്കാർ 2005-06-ലെ ബഡ്ജറ്റിൽ ഹാന്റ്ലൂം ക്ലസ്റ്റർ ഡവലപ്പ്മെന്റ് പ്രോഗ്രാമിന് നീക്കിവച്ചിട്ടുള്ള 40 കോടി രൂപയിൽനിന്നും പരമാവധി തുക കേരളത്തിന് ലഭ്യമാക്കാനുള്ള പ്രൊജക്ടുകൾക്ക് ഉടനെ രൂപം നൽകുന്നതാണ്.

സ്ത്രീധന നിരോധന ചട്ടം പ്രാബല്യത്തിലാക്കാൻ നടപടി

22 [2059] ശ്രീ. വി. കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്ത്രീധന നിരോധന ചട്ടം പരിഷ്ക്കരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ ;

(ബി) എന്നുമുതലാണ് പ്രസ്തുത ചട്ടത്തിന് പ്രാബല്യം നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) ഉത്തരവിന്റെ കോപ്പി ലഭ്യമാക്കാമോ;

(ഡി) പ്രധാന മാറ്റങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 7-7-2004 മുതലാണ് ഈ ചട്ടത്തിന് പ്രാബല്യം നൽകിയിട്ടുള്ളത്.

(സി) GO (P) No. 47/2004/SWD dated 7-7-2004 അനുബന്ധമായി ചേർത്തിരിക്കുന്നു.†

(ഡി) പ്രധാന മാറ്റങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. #

മുതിർന്ന പൗരൻമാരുടെ പദവി ഉയർത്തുവാൻ നടപടി

23 [2060] ശ്രീ. ഡി. സുഗതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നമ്മുടെ മുതിർന്ന പൗരന്മാർക്ക് വിവിധ സേവന മേഖലകളിൽ പൂർണ്ണ തോതിലുള്ള സൗജന്യമോ അല്ലെങ്കിൽ കൺസഷനോ നൽകി അവരുടെ പദവി ഉയർത്തുവാൻ നടപടി സ്വീകരിക്കുമോ ;

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

അനുബന്ധം III കാണുക.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം III

[9-3-2005-ലെ 22 (2059)-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം ദയവായി കാണുക]

(പ്രധാന മാറ്റങ്ങൾ)

1. സ്വാതന്ത്ര ചുമതലയുള്ള ഡൗറി പ്രൊഹിബിഷൻ ഓഫീസർമാരെ മേഖലാടിസ്ഥാനത്തിൽ നിയമിച്ചു;
2. ഡൗറി പ്രൊഹിബിഷൻ ആഫീസർമാർക്ക് അധിക ചുമതലകൾ നൽകി;
3. ഓരോ വർഷത്തിലെയും ഒരു നിശ്ചിത ദിവസം സ്ത്രീധന നിരോധന ദിവസമായി ആചരിക്കാൻ തീരുമാനിച്ചു;
4. സ്കൂൾ, കോളേജ് തുടങ്ങിയ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ എല്ലാ കുട്ടികളെയും ഉൾപ്പെടുത്തി സ്ത്രീധന നിരോധന പ്രതിജ്ഞ എടുക്കുവാൻ നിയമമുണ്ടാക്കി;
5. വിവാഹശേഷം ഓരോ സർക്കാർ ജോലിക്കാരനും താൻ സ്ത്രീധനം വാങ്ങിയിട്ടില്ലെന്ന് രേഖപ്പെടുത്തിയ ഒരു പ്രസ്താവന, തന്റെ മേലധികാരി മുഖേന ഡൗറി പ്രൊഹിബിഷൻ ഓഫീസർക്ക് നൽകണമെന്ന് വ്യവസ്ഥ ചെയ്തു. ഇതിൽ ഭാര്യ, അച്ഛൻ, ഭാര്യാപിതാവ് എന്നിവർ ഒപ്പ് വയ്ക്കണമെന്നും നിഷ്കർഷിച്ചു.

LIBRARY ARCHIVES Kerala Legislative Assembly